പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5504 | 06-07-2012 - ൽ മറുപടിയ്ക്ക്

## കർഷകർക്കായി ജലസേചന പദ്ധതി

| ചോദ്യം<br>ശ്രീ.ബി.സത്യൻ | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) 20 ഹെക്ടർ കൃഷിഭൂമിയുള്ള പ്രദേശങ്ങളിൽ കർഷകരെ സഹായിക്കാനായി ഇറിഗേഷൻ വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പിൽവരുത്തുന്നുണ്ടോ ; വ്യക്തമാക്കാമോ ; | (എ) 15 മുതൽ 50 ഹെക്ടർ വരെ കൃഷിഭൂമിയുള്ള കർഷകരെ സഹായിക്കാനായി നബാർഡ് സഹായത്തോടുകൂടിയുള്ള പദ്ധതികളും, എം.ഐ.ക്ലാസ്സ്-2 പദ്ധതികളും, ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളും ആർ.ആർ.ആർ.സ്കീമിൽ വരുന്ന പദ്ധതികളും, വി.സി.ബി., ക്രോസ് ബണ്ട്, സ്പിൽ വേ ബണ്ട് സംരക്ഷണം മുതലായവയും ഏറ്റെടുത്ത് നടപ്പിൽ വരുത്താറുണ്ട്. |
| (ബി) ഈ പദ്ധതിയിലേക്ക് കൃഷിഭൂമി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ ; | (ബി) 15 മുതൽ 50 ഹെക്ടർ വരെയുള്ള കൃഷിഭൂമികൾക്ക് പാടശേഖരസമിതികളോ പ്രതിനിധികളോ നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെയും വില്ലേജ് ഓഫീസിൽ നിന്നും ലഭിയ്ക്കുന്ന ആയക്കട്ട് ലിസ്റ്റ് എന്നിവയുടെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കൃഷിഭൂമിക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ജലസേചന വകുപ്പ് ഒരുക്കുന്നത് ; | (സി) കൃഷിയ്ക്ക് ആവശ്യമായ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീർച്ചാലുകൾ, തടയണകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, റാമ്പ്, വി.സി.ബി, കലുങ്ക്, ഫുട്ട് ബ്രിഡ്ജ്, എൽ.ഐ.പദ്ധതികൾ, സംരക്ഷണഭിത്തികൾ, ബണ്ട് നിർമ്മാണം എന്നീ പ്രവൃത്തികളാണ് പ്രധാനമായും ഒരുക്കുന്നത്. |
| (ഡി) ഈ പദ്ധതിയിലേക്ക് ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ നിന്നും ഏതെല്ലാം പ്രോജക്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | (ഡി) ആറ്റിങ്ങൽ മണ്ഡലത്തിൽപ്പെട്ട വിവിധ പഞ്ചായത്തുകളിൽ സർക്കാരിന്റെ അനുമതിയ്ക്കായി ഒരു പദ്ധതിയും സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ